## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :4231 — 12. 11. 2019 ൽ മറുപടിക്ക്

# കെ.എസ്.ബി.ഇ.യുടെ പ്രവർത്തന നഷ്ടം കുറയ്ക്കാൻ നടപടി


ചോദ്യം
ശ്രീ. വി.പി.സജീന്ദ്രൻ

ഉത്തരം
ശ്രീ.എം.എം.മണി
(വൈദ്യുതി വകുപ്പ് മന്ത്രി)


| ചോദ്യം | ഉത്തരം |
| --- | --- |
| (എ) കെ.എസ്.ബി.ഇ.യുടെപ്രവർത്തന നഷ്ടം കുറച്ചുകൊണ്ടുവരുന്നതിന് സാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ)കെ.എസ്.ഇ.ബോർഡ് ലിമിറ്റഡിന് 2016-17ൽ 1494.63 കോടിയായിരുന്ന പ്രവർത്തനനഷ്ടം 2017-18-ൽ 784.09 കോടി രൂപയായും 2018-19-ൽ 290 കോടി രൂപയായും കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്. |
| (ബി) പ്രവർത്തന നഷ്ടം കുറച്ചുകൊണ്ടുവരുവാൻ ബോർഡ് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | (ബി) കെ.എസ്.ഇ.ബോർഡ് ലിമിറ്റഡിന്റെ പ്രവർത്തനനഷ്ടം കുറയ്ക്കാൻ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>(i) മുൻകാലങ്ങളിലെന്നപോലെ ഉയർന്നനിരക്കുള്ള വായ്പകൾ തിരിച്ചടച്ച് കുറഞ്ഞ പലിശയുള്ള വായ്പകളായി മാറ്റുന്നുണ്ട്.<br>(ii) മിതമായ നിരക്കിൽ ഹ്രസ്വ-ദീർഘകാലാടിസ്ഥാനത്തിലുള്ള കരാറുകൾ വഴി വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും പ്രവർത്തനമികവ് മെച്ചപ്പെടുത്തുകയും ചെയ്യുന്നതിലൂടെ ബോർഡിന്റെ ബാധ്യതകൾ കുറവ് വരുത്തുവാൻ ശ്രമിക്കുന്നുണ്ട്.<br>(iii) ചെലവുകൾ നിയന്ത്രിക്കുന്നതിന്റെ ഭാഗമായി ബഡ്ജറ്റ് കൺട്രോൾ കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കി<br>(iv) കേന്ദ്രസർക്കാർ പ്രഖ്യാപിച്ച 'ഉദയ്' പദ്ധതിയുടെ പ്രവർത്തന മികവ് വർദ്ധിപ്പിക്കുന്നതിൽ പങ്കാളിയായതിലൂടെ AT & Closs ഉം നഷ്ടവും കുറയ്ക്കുവാൻ കഴിഞ്ഞിട്ടുണ്ട്.<br>(v) ബോർഡിനു കിട്ടാനുള്ള കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കി വരുന്നു.<br>(vi) DDUGJY, IPDS പദ്ധതികൾക്കായുള്ള കേന്ദ്രസർക്കാരിന്റെ ഗ്രാന്റ് ലഭിക്കുന്നതു വരെ സ്വന്തം ഫണ്ട് ഉപയോഗിച്ച് പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചതു നിമിത്തം പദ്ധതി-സമയബന്ധിതമായി നടപ്പിലാക്കാൻ കഴിയുന്നതിലൂടെ ഗ്രാന്റ് ഭാഗം ലോണായി മാറ്റപ്പെടുന്നതിനുള്ള സാധ്യത ഒഴിവാക്കപ്പെടുന്നതാണ്.<br>(vii) കെ,എസ്.ഇ.ബോർഡ് ലിമിറ്റഡിന്റെ ആഭ്യന്തര ഉല്പാദനം കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 2018-19 ൽ 2087 |

| | |
|---|---|
| | ദശലക്ഷം യൂണിറ്റ് കൂട്ടാൻ സാധിച്ചു. വൈദ്യുതി കമ്പോളത്തിൽ ഉയർന്ന വില ലഭ്യമായപ്പോൾ സംസ്ഥാനത്തിന് പുറത്തേയ്ക്ക് വൈദ്യുതി വില്പന നടത്തിയ വകയിൽ 339.34 കോടി രൂപ ലഭ്യമായി. ഈ വർഷം വൈദ്യുത പ്രസരണ നഷ്ടം 13.07 ശതമാനത്തിൽ നിന്ന് 12.47 ശതമാനം ആയി കുറച്ച് ഏകദേശം 73 കോടി രൂപ ലാഭിച്ചതും വലിയ നേട്ടമാണ്. |
| (സി2018, 2019 വർഷങ്ങളിൽ ഉണ്ടായ പ്രകൃതി ദുരന്തം കെ.എസ്.ഇ.ബി.ക്ക് എന്ത് അധിക ബാധ്യതയാണ് ഉണ്ടാക്കിയത്; അറിയിക്കാമോ; | (സി) 2018-ലെ പ്രകൃതി ദുരന്തത്തിൽ കെ.എസ്.ഇ.ബോർഡ് ലിമിറ്റഡിന് 351.60 കോടി രൂപയും 2019-ലെപ്രകൃതിദുരന്തത്തിൽ 243.05 കോടി രൂപയും നഷ്ടം കണക്കാക്കിയിട്ടുണ്ട്. |
| (ഡി) കെ.എസ്.ഇ.ബി.യുടെ പ്രവർത്തന നഷ്ടം കൂടാൻ ഇത് ഇടയാക്കിയിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) മൂന്ന് തരത്തിൽ നഷ്ടം ഉണ്ടായി. ആസ്തികൾ പുനർനിർമ്മാണത്തിന് ചിലവുണ്ടായി. അറ്റകുറ്റപണികളുടെ ചിലവ് കൂടി, സംസ്ഥാനത്തിനുള്ളിലെ വൈദ്യുത വില്പനയിൽ കുറവ് ഉണ്ടായത് വരുമാനത്തിൽ കുറവ് ഉണ്ടാക്കി |

സെക്ഷൻ ഓഫീസർ